# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1889

08.03.2018 ലെ മറുപടിയ്ക്ക്

**പദ്ധതി നിർവ്വഹണ ചുമതല നിജപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ്**

**ചോദ്യം**

ശ്രീ.പാറക്കൽ അബ്ദുല്ല

**ഉത്തരം**

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | സാമ്പത്തിക വർഷം അവസാനിക്കാനിരിക്കെ സൂപ്രണ്ടിംഗ്, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് മാത്രമായി പദ്ധതി നിർവ്വഹണ ചുമതല നിജപ്പെടുത്തിക്കൊണ്ട് ട്രഷറി വിഭാഗം ഇറക്കിയ ഉത്തരവ് പദ്ധതി നിർവ്വഹണത്തെ പിന്നോട്ടടിക്കുമെന്ന് കരുതുന്നുണ്ടോ; | സർക്കാരിന്റെ പദ്ധതി നിർവ്വഹണ ചുമതല നടപ്പിലാക്കുന്നതിനു വേണ്ടി തദ്ദേശ ഭരണ എഞ്ചിനീയറിംഗ് വകുപ്പ് ആവശ്യപ്പെട്ട പ്രകാരം 07/02/2018, 26/12/2018 എന്നീ തീയതികളിലെ 654219/SL2/2017/ധന. നം സർക്കാർ കത്തുകൾ പ്രകാരം കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീ തദ്ദേശ ഭരണ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിലെ 323 നിർവ്വഹണ ഉദ്യോഗസ്ഥരെ അധികമായി ഡിഡിഒ-മാരായി നിയോഗിക്കാനുള്ള നിർദേശം ട്രഷറി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ആയതിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ വരെ ഉൾപ്പെട്ടിട്ടുണ്ട്. ആകയാൽ പദ്ധതി നിർവഹണത്തെ പിന്നോട്ടടിക്കുന്ന ഒരു നടപടിയും ഉണ്ടായിട്ടില്ല. |
| (ബി) | നേരത്തെ ഒരുദ്യോഗസ്ഥന് ശരാശരി 50-60 പദ്ധതികളുടെ ചുമതല മാത്രമുണ്ടായിരുന്നത് ഇപ്പോൾ പുതിയ ഉത്തരവ് വഴി 300 പദ്ധതികളുടെ ചുമതല വരെയായി ഉയരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | |
| (സി) | ഇത് പദ്ധതി നിർവ്വഹണത്തെ വരുംവർഷങ്ങളിൽ സാരമായി ബാധിക്കുമെന്ന വിദഗ്ദ്ധാഭിപ്രായം പരിശോധിക്കുമോ? | തദ്ദേശ ഭരണ എഞ്ചിനീയറിംഗ് വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ള എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും DDO Code അനുവദിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ നിലവിൽ പദ്ധതി നിർവ്വഹണത്തെ ഒരു തരത്തിലും ബാധിക്കാനിടയില്ല. |

സെക്ഷൻ ഓഫീസർ